ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങാനുള്ള തടസ്സം

179 [2291 ശ്രീ. കെ. കെ. തോമസ്:

,, രാഘവൻ പൊഴക്കടവിൽ :

,, കെ. രാഘവൻ മാസ്റ്റർ :

,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ഐ. സി. ഡി. എസ്. പ്രോജക്ടുകൾ തുടങ്ങുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഇവ തുടങ്ങുന്നതിന് തടസ്സം ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ തടസ്സം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1985-87 വർഷത്തിൽ 5 പ്രോജക്ടുകൾ കേരളത്തിനായി അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പള്ളം ബ്ലോക്ക്, ഐ. സി. ഡി. എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ട ആവശ്യം

180 [230] ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളം ബ്ലോക്ക്, ഐ. സി. ഡി. എസ്. പ്രോജക്ടിൽ ഉൾപ്പെടുത്തേണ്ട ആവശ്യം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ ബ്ലോക്ക് കൂടി ഈ സ്കീമിൽ ഉൾപ്പെടുത്തൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഐ. സി. ഡി. എസ്. മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

സഹകരണ സ്ഥാപനങ്ങൾ

181. [231] ശ്രീ. കെ. മൂസക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 സെപ്റ്റംബർ 30 വരെ സഹകരണ വകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം മേഖലയിൽ എത്രവീതം ?

LIBRARY ARCHIVES Kerala Legislative Assembly